Deshabhimani 02.11.17

# കാർഷികവൃത്തിയുടെ സംരക്ഷണം സാമൂഹ്യ ഉത്തരവാദിത്വം: മന്ത്രി

**തൃശൂർ** > കേരള കാർഷികവൃത്തിയുടെ സംരക്ഷണവും പ്രോത്സാഹനവും സാമൂഹ്യ ഉത്തരവാദിത്വമാണെന്ന് മന്ത്രി വി എസ് സുനിൽകുമാർ. കേരള കാർഷിക സർവകലാശാലയുടെ വിജ്ഞാന വ്യാപന ഡയറക്ടറേറ്റ് വെള്ളാനിക്കര കർഷകഭവനിൽ സംഘടിപ്പിച്ച കൃഷിശാസ്ത്ര സമീക്ഷയിൽ സംസാരിക്കുകയായിരുന്നു മന്ത്രി. ഭക്ഷ്യോൽപ്പാദനം മാത്രമല്ല കൃഷിയുടെ ധർമം. കൃഷിയുടെ പോഷണവും ശോഷണവും നാടിന്റെ നന്മയുടെ പ്രതിഫലനമാണ്. കൃഷിയുടെ ശോഷണം പ്രകൃതിവിഭവങ്ങളുടെ ശോഷണത്തിനും കാരണമാവും. എല്ലാ സംസ്കാരങ്ങളുടേയും അടിത്തറയും സാമ്പത്തിക പുരോഗതിയുടെ അടിസ്ഥാനവും കൃഷിയാണെന്നും മന്ത്രി പറഞ്ഞു. കെ രാജൻ എംഎൽഎ അധ്യക്ഷനായി. രജിസ്ട്രാർ ഡോ. എസ് ലീനാകുമാരി, ഫാക്കൽറ്റി ഡീൻമാരായ ഡോ. എ അനിൽകുമാർ, ഡോ. ശാന്തി മേരി മാത, വിജ്ഞാന വ്യാപന ഡയറക്ടർ ഡോ. ജിജു പി അലക്സ്, അക്കാദമിക് ഡയറക്ടർ ഡോ. സാറാ ടി ജോർജ്, പ്ലാനിങ് ഡയറക്ടർ ഡോ. ടി പ്രദീപ്കുമാർ എന്നിവർ സംസാരിച്ചു.